പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 381 — 19.03.2013-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി യുടെ കമ്പനിവത്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ലൂഡി ലൂയിസ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ എസ്. ഇ. ബിയെ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | 25.09.2008 ലെ സർക്കാർ ഉത്തരവിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ ഏറ്റെടുക്കുന്നതിലേയ്ക്ക് 1956 ലെ കമ്പനി നിയമത്തിൻ കീഴിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒരു കമ്പനിക്ക് 14.01.2011 ൽ രൂപം നൽകിയിട്ടുണ്ട്. എന്നാൽ ആസ്തി-ബാധ്യതകൾ ഈ കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നതേയുള്ളൂ. |
| (ബി) | കെ. എസ്. ഇ. ബി യുടെ കമ്പനി വത്ക്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; | (ബി) | കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജീവനക്കാരുടെ സംഘടനകളുമായി വിവിധ ഘട്ടങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഒടുവിലായി 11-02-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. |
| (സി) | ആരെല്ലാമാണ് പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ചർച്ചകളിലെടുത്തിട്ടുള്ള തീരുമാനങ്ങൾ വ്യക്തമാക്കുമോ ? | (സി) | ഊർജ്ജ വകുപ്പു മന്ത്രിയും ബഹു. മുഖ്യമന്ത്രിയും നടത്തിയ വിവിധ ചർച്ചകളിൽ ഊർജ്ജ വകുപ്പിലേയും വൈദ്യുതി ബോർഡിലേയും ഉദ്യോഗസ്ഥരും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളും പങ്കെടുത്തിരുന്നു. 11-02-2013-ലെ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട |

വൈദ്യുതി-ഗതാഗത വകുപ്പ മന്ത്രി, ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പു സെക്രട്ടറി & ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ് മെമ്പർമാർ, ഇലക്ട്രിസിറ്റി ബോർഡിലെ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം), ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി, ഓഫീസർമാരുടെ സംഘടനാ പ്രതിനിധികൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ മുതലായവർ പങ്കെടുത്തിരുന്നു.

വൈദ്യുതി ബോർഡിൻെറ പുനഃസംഘടനയെ സംബന്ധിച്ചുള്ള ത്രികക്ഷി കരാർ, ട്രാൻസ്ഫർ സ്കീം, സർക്കാരും വൈദ്യുതി ബോർഡും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻറിംഗ് എന്നിവയുടെ കരട് രേഖകളിന്മേലുള്ള അഭിപ്രായങ്ങൾ ഓഫീസർമാരുടെ സംഘടനാ പ്രതിനിധികളും, തൊഴിലാളി സംഘടനാ പ്രതിനിധികളും അറിയിക്കണമെന്നും ആയവ പരിഗണിച്ച് ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ.